**മഹാതമാഗാന്ധി  ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി**


# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

## അഞ്ചുതെങ്ങ്    ഗ്രാമപഞ്ചായത്ത്

വാർഡ് നമ്പർ 7 (വലിയപള്ളി )

**ചിറയിൻകീഴ് ബ്ലോക്ക്**

**തിരുവനന്തപുരം ജില്ല**




22-112019  -   27-11-19

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ29/11/2019**

അഞ്ചുതെങ്ങ് പഞ്ചായത്ത് ഓഫീസ്

---


മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ്  നിയമം

സോഷ്യല്     ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)

LMS കോമ്പൗണ്ട് ,പാളയം,തിരുവനന്തപുരം . 03

ഫോണ്     നമ്പര്    0471-2724696.Email.keralasocialaudit@gmail.com

# ചിറയിൻകീഴ് ബ്ലോക്ക്

## അഞ്ചുതെങ്ങ്ഗ്രാമപഞ്ചായത്ത്

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

## <u>വാർഡ് നമ്പർ7 *( വലിയപള്ളി )*</u>

അവിദഗ്ദ്ധ കായിക ജോലികൾ ചെയ്യുന്നതിന് സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന ഗ്രാമീണ കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിനുള്ള നിയമമാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം-2005 National Rural Employment Guarantee Act (NREGA). ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. 2005 സെപ്റ്റംബറിൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ഈ നിയമം സെപ്റ്റംബർ 7 ന് നിലവിൽ വരികയും ജമ്മു - കാശ്മീർ ഒഴികെയുള്ള ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ബാധകമാക്കുകയും ചെയ്തു. തുടക്കത്തിൽ ഇന്ത്യയിലെ 200 ജില്ലകളിൽ മാത്രമായിരുന്നു പ്രാബല്യത്തിൽ വന്നതെങ്കിലും 2008 ഏപ്രിൽ 1 മുതൽ രാജ്യത്തെ മുഴുവൻ ജില്ലകളിലേക്കും ഈ പദ്ധതി വ്യാപിപ്പിച്ചു. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ പണി ലഭിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നതും 18വയസ്സ് പൂർത്തിയായ ഏതൊരു വ്യക്തിക്കും തൊഴിലിനായി അപേക്ഷിക്കാം. സ്ത്രീപുരുഷ ഭേദമില്ലാതെ തുല്യവേതനം നൽകുന്നതും തൊഴിലുറപ്പുപദ്ധതിയുടെ പ്രത്യേകതയാണ്. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസ.നം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. തൊഴിലുറപ്പുപദ്ധതിയിൽ ഇടനിലക്കാരോ ഇല്ല സെക്ഷൻ 17(A) പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് നിലവിൽ വന്നത്. ഫയൽ പരിശോധന, ഫീൽഡ് പരിശോധന, തൊഴിലാളികളുമായി ഉള്ള ആശയവിനിമയത്തിന് ശേഷമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഈ ഗ്രാമസഭയിൽ തൊഴിലാളികളിൽ നിന്ന് ഒരാളെയാണ് അധ്യക്ഷയായി തിരഞ്ഞെടുക്കുന്നത്.

## 10 അവകാശങ്ങൾ

1. തൊഴിൽ കാർഡിനായി അപേക്ഷിക്കുവാനും 15 ദിവസത്തിനകം ലഭിക്കുവാനുമുള്ള അവകാശം.

2. തൊഴിൽ ആവശ്യപെടുവാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുമുള്ള അവകാശം.

3. 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.

4.. ഏറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം.

5. താമസസ്ഥലത്തിന്റെ 5km ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം.

6. കുടിവെള്ളം, തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ്, തൊഴിലാളികളോടൊപ്പം അഞ്ചിലധികം കുട്ടികൾ വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ തുടങ്ങിയ പ്രവൃത്തിസ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം.

7. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കാനുമുള്ള അവകാശം.

8. തൊഴിൽ ചെയ്തു 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം.

9. 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരം ലഭിക്കിവാനുള്ള അവകാശം.

10. പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവ് വരുന്ന തുകയുടെ തത്സമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം.

# ഫയൽ പരിശോധന റിപ്പോർട്ട്

പ്രവൃത്തിയുടെ പേര് : തട്ട് തിരിക്കൽ

| പ്രവൃത്തിയുടെ കോഡ് | തീയതി | | തുക | |
|---|---|---|---|---|
| | ആരംഭിച്ചത് | പൂർത്തിയായത് | അനുവദിച്ചത് | ചെലവായത് |
| Dp/272875 | 19/9/18 | 17/1/19 | 4,90000 | 4,78362 |
| Dp/276527 | 18/1/19 | 26/3/19 | 4,90000 | 3,35930 |
| Dp/272868 | 16/9/18 | 13/1/19 | 4,90000 | 4,85359 |
| Dp/272866 | 19/9/18 | 26/12/18 | 4,90000 | 4,76321 |

തട്ടുതിരിക്കലുമായി ബന്ധപ്പെട്ട 4 ഫലുകൾ ആണ് ഞങ്ങൾ പരിശോധിച്ചത്. ഈ വാർഡിൽ 221 പേർ തൊഴിൽ കാർഡ് എടുത്തിട്ടുണ്ടെങ്കിലും 137 സ്ഥിരത്തൊഴിലാളികൾ ആണ് ഇപ്പോൾ ഉള്ളത്. ഇവരിൽ ഭൂരിഭാഗം പേർക്കും കഴിഞ്ഞ സാമ്പത്തിക വർഷം 100 ദിവസത്തെ തൊഴിൽ ലഭിച്ചു

- കവർ പേജ്

    AMC പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു.

- ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ്

    ചെക്ക് ലിസ്റ്റ് ഡോക്യുമെന്റ് ഉണ്ടായിരുന്നു.

- ആക്ഷൻ പ്ലാൻ കോപ്പി ഉണ്ടായിരുന്നു.
- ഭരണാനുമതി ഉണ്ടായിരുന്നു.
- സാങ്കേതിക അനുമതി ഉണ്ടായിരുന്നു.
- എസ്റ്റിമേറ്റ് റിപ്പോർട്ട്,

ഡീറ്റെയ്‌ൽഡ് എസ്റ്റിമേറ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് ആയിരുന്നില്ല.

- ഡ്രോയിങ് & ഡിസൈൻ ഉണ്ടായിരുന്നു
- ജോലി ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ഫോറം ഉണ്ടായിരുന്നു.
- പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോറം ഫയലിൽ ഉണ്ടായിരുന്നു.

🔎മസ്റ്റർ  റോൾ

4 ഫയലുകളിലുമായി146  മസ്റ്റർ റോളുകൾ ഉണ്ടായിരുന്നു. മസ്റ്റർ റോളുകളിൽ എം ബുക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. മസ്റ്റർ റോളുകളിൽ അറ്റന്റൻസ് ചുവന്ന മഷികൊണ്ട് അല്ല രേഖപ്പെടുത്തിയിരിക്കുന്നത്.

🔶ഫയൽ ടാക്കിംഗ് ഫോറം ഉണ്ടായിരുന്നു.

🔶മൂല്യനിർണയ സാക്ഷ്യപത്രം ഉണ്ടായിരുന്നു.

🔶മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

🔶വേജ് ലിസ്റ്റ്

മസ്റ്റർ റോൾ പ്രകാരമുള്ള വേജ് ലിസ്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

🔶എഫ് ടി ഒ

ഫയലിൽ FTO ഉണ്ടായിരുന്നു .

🔶ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ്

പരിശോധന നടത്തിയ ഫയലുകളിൽ ഫയൽ നമ്പർDP/272868ൽ  ഒരു സ്റ്റേജിലെ ഫോട്ടോഗ്രാഫ് കാണാൻ കഴിഞ്ഞുള്ളു.മറ്റു ഫയലുകളിൽ 3 സ്റ്റേജ് ഫോട്ടോഗ്രാഫ്സ് ഉണ്ടായിരുന്നു.

🔶ജിയോ ടാഗ് ഫോട്ടോഗ്രഫി പരിശോധന നടത്തിയ ഫയലുകളിൽ ഒന്നിലും കാണാൻ കഴിഞ്ഞില്ല.

🔶പ്രവർത്തി പൂർത്തീകരണം സാക്ഷ്യപത്രം

ഫയലിൽ പ്രവർത്തി പൂർത്തീകരണം സാക്ഷ്യപത്രം ഉണ്ടായിരുന്നു.

🔶സൈറ്റ് ഡയറി

സൈറ്റ് ഡയറി ഉണ്ട്. എന്നാൽ പൂർണമായിരുന്നില്ല.

🔶എം ബുക്ക്

എം ബുക്ക് ഉണ്ടായിരുന്നു. എം ബുക്ക് നമ്പർ കൃത്യമായ സ്ഥലത്ത് രേഖപെടുത്തിയിട്ടില്ലായിരുന്നു. മെഷർമെന്റ് ബുക്കിലെ തുകയും എല്ലാ മസ്റ്റർ റോളിലെ ആകെ തുകയും  തുല്യമായിരുന്നു. പരിശോധന നടത്തിയ എല്ലാ ഫയലുകളിലും എം ബുക്കിൽ ഡിസ്പ്ലേ ബോർഡിനു തുക അനുവദിച്ചതായി കാണാൻ സാധിച്ചു.

## <u>ഡോർ റ്റു ഡോർ വെരിഫിക്കേഷൻ</u>

**23**/11/2019 രാവിലെ 10.30ന് അഞ്ചുതെങ്ങ് പഞ്ചായത്ത്, വാർഡ് 7(വലിയപള്ളി) എത്തി. കൺവീനറുടെ നിർദ്ദേശപ്രകാരം  തൊഴിലാളികൾ ഒരു തൊഴിലാളിയുടെ വീട്ടിൽ എത്തിച്ചേർന്നു. തൊഴിൽ കാർഡ് പരിശോധിക്കുകയും 10 അവകാശങ്ങളെപ്പറ്റി വിവരിച്ചു കൊടുക്കുകയും ചെയ്തു.  അവരുടെ  അവകാശങ്ങളെക്കുറിച്ച് തൊഴിലാളികൾക്ക് ധാരണ ഇല്ലായിരുന്നു. തൊഴിൽ കാർഡ് പരിശോധിച്ചതിൽ വീട് പണി നടക്കുന്ന ഒരു തൊഴിലാളിക് മാത്രമാണ് പുതിയ തൊഴിൽ കാർഡ് ഉണ്ടായിരുന്നത്. ബാക്കി എല്ലാം പഴയ തൊഴിൽ കാർഡ് ആയിരുന്നു.

പരാതികൾ

✳കൃത്യമായ ദിവസം ജോലി കിട്ടുന്നില്ല

✳പ്രഥമ ശുശ്രൂഷ കിറ്റ്, ടാർപ്പാളിൻ, എന്നിവ ഇല്ലാ എന്നും തൊഴിലാളികൾ പൈസ ഇട്ടു ടാർപോളിൻ വാങ്ങി എന്നും എന്നാൽ അതിനുള്ള പൈസ അവർക്ക് ഇതുവരെ ലഭിച്ചിട്ടില്ല.

✳തൊഴിലാളികൾക്ക് ജോലിഭാരം കൂടുതലാണ് എന്നും പരാതി ഉന്നയിച്ചു.

✳തൊഴിലാളികൾ വേതനം കൂട്ടണം എന്നും പറഞ്ഞു.

✳BPL, SC, വിധവ എന്നിങ്ങനെ ഉള്ളവരുടെ പുരയിടത്തിൽ  മാത്രമെ ജോലി ചെയ്യാൻ സാധിക്കുന്നുള്ളൂ അങ്ങനെ ആകുമ്പോൾ തൊഴിലാളികൾക്ക് ജോലി ലഭിക്കുന്ന ദിനങ്ങൾ കുറയുന്നു.

✳തൊഴിൽ സ്ഥലങ്ങളിൽ വച്ച് അപകടങ്ങൾ സംഭവിച്ചാൽ അവർക്ക് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുമോ എന്നു ചോദിച്ചു.

## ഫീൽഡ് പരിശോധന

2018-19 കാലഘട്ടത്തിലെ തട്ടുതിരിക്കലുമായി ബന്ധപ്പെട്ട നാലു ഫയലുകളാണ് ഞങ്ങൾ പരിശോധിച്ചത്. അതിൽ 57 വ്യക്തികളുടെ പുരയിടങ്ങളാണ് ഞങ്ങൾക്ക് പരിശോധിക്കാൻ ഉണ്ടായിരുന്നത്. സന്ദർശിച്ച പുരയിടങ്ങൾ എല്ലാംതന്നെ കാടുകയറിയ നിലയിലായിരുന്നു. കാടുപിടിച്ചതിനാൾ ഭാഗികമായി ബണ്ടുകൾ കാണാൻ സാധിച്ചു. . CIB ക്ക് പകരം ബാനറുകൾ ആണ് ഉപയോഗിച്ചതെന്നും തൊഴിലാളികളിൽ നിന്നും അറിയാൻ സാധിച്ചു.

ഗുണഭോക്താക്കളുടെ പേരും പുരയിടത്തിന്റെ വിസ്തീർണ്ണവും :

1.ശിവാനന്ദൻ മകൻ സുരേഷ് ബാബു (10 സെൻറ് )

2. തുളസീദാസ് മകൻ സജു, ബാബു മകൾ അലീന ( 5സെൻറ് )

3. കൃഷ്ണൻ മകൻ സുരേഷ് ഭാര്യ യമുന (8സെന്റ് )

4.കേശവൻ മകൻ ഗുരുദാസ് (5സെന്റ് ),

ഗുരുദാസ് മകൻ ദിലീപ് (5സെന്റ് ).

5. മരിയ സെൽവൻ മകൻ ജോസഫ് ഭാര്യ ക്ലീറ്റസ് മകൾ റേച്ചൽ ജോസഫ് ( 93സെൻറ് )

6.പത്രോസ് മകൻ എബ്രഹാം ഭാര്യ ആൻറണി റോമൻ മകൾ ലിസി എബ്രഹാം (104 സെന്റ് )

7.ഫ്രാൻസിസ് മകൻ ജോൺസൺ ഭാര്യ ലോപ്പസ് മകൾ കൊച്ചുത്രേസ്യ (23സെന്റ് )

8. കൊച്ചുരാമൻ മകൾ ലളിതകുമാരി, ദേവരാജൻ മകൾ തനുജ ഡാ രാജൻ താര ( 99സെന്റ് )

9. യേശുദാസൻ മകൻ സുനിൽ ധർമകണ്ണ് മകൾ ഷീജ (7 സെന്റ് )

10.വിശ്വംഭരൻ മകൻ സനൽകുമാർ (84 സെൻറ് )

11. അശോകൻ മകൻ ചാറ്റർജി (40 സെൻറ് )

12. രവീന്ദ്രനാഥൻ മകൻ ബാനർജി (31 സെൻറ് )

13.രവീന്ദ്രനാഥൻ മകൻ അഭിജിത് (23സെൻറ് )

14.സേവ്യർ  മകൻ ബിജു- ( 6 സെൻറ്)

15. യേശുദാസ് മകൻ അബ്രഹാം ഭാര്യ സിബിൽ  (6 സെൻറ് )

16.സ്റ്റെല്ലസ് മകൻ ആന്തോൺസ് (10 സെൻ്റ്  )

17.സെലസ് മകൻ യേശുദാസൻ ഭാര്യ ജോർജിന (4 സെൻറ് )

18.പീറ്റർ മകൻ പനി അടിമ ഭാര്യ ജോസഫ് മകൾ അന്തോണിയ  (3 സെൻറ് )

19.അഗസ്റ്റിൻ മകൾ ടെൽമ ആൻറണി (12 സെൻറ് )

20.അബ്രഹാം മകൻ ഷൈനി (4 സെൻറ് )

21.പത്രോസ് മകൻ ജൂഡി മോൻ (5 സെൻറ് )

22.അലക്സ് ഗോമസ് പീയൂസ് ഗുലൈസ് ഭാര്യ സെബാസ്റ്റ്യൻ  മകൾ അൽഫോൻസിയാ (7സെൻറ്)

23.നമ്പി ക്രൂസ് മകൻ ജോൺസൺ

24.നമ്പിക്രൂസ് മകൻ  ജോൺസൺസ് ഭാര്യ ദിവ്യ

25.സുധാകരൻ മക്കൾ മിനി,  സീമ

26.സുധാകരൻ മകൾ മിനി സുധാകരൻ മകൾ സീമ.

27.തോബിയാസ് മകൻ ടൈറ്റസ്ഭാര്യ ആൻറണി മോറിയസ്  മകൾഓമന

28.റോക്കി മകൻ ഔസേഫ് ഭാര്യ അരോഗ്യ മകൾ ആലിസ്

29.കാർമൽ മകൻ തീത്തൂസ് ഭാര്യ ഗിൽബർട്ട് മകൾ മേരി ഷീബ

30.സിൽവടിച്ച  മകൻ ആൻറണി ഭാര്യ മേരിമിതി

31.മരിയദാസി മകൻ മോസസ്

32. ജയമണി

33.ഭാസ്കരൻ മകൾ ജയശ്രീ

34.സിഫറിൻ മകൻ വർഗീസ് ഭാര്യ പീറ്റർ  മകൾ ജൂഡി

35.ജോർജ്  മകൻ വിൽഫ്രഡ് ഭാര്യ  സിബിൾ

36.കുമാര വേലു മകൾ ബേബി

37.ആൻറണി മകൻ ബെയ്സിൽ അന്തോണി അടിമ മകൾ അനുജ

38.ശങ്കരി മകൾ സുമാലിനി

39.ശങ്കു മകൾ സുമാലിനി

40.ഭാർഗ്ഗവൻ മകൾ ലേഖ

41.ജോർജ് മകൻ ആൽഫ്രെഡ് ഭാര്യ ബെനഡിക്റ്റ് മകൾ

മേരി ഹെലൻ

42.വില്യംപീറ്റർ ഭാര്യ മേരി

43.പത്രോസ് മകൾ ജീതു വർഗീസ് മകൻ ജയ്സൺ

44. പത്രോസ് മകൾ വിൽഫ്രഡ്

45.ജോൺ മകൻ രാജു ഭാര്യ ശബരിയാർ മകൾ  ബ്ലൂസ്മിൻ

46.ജോസഫ് മകൻ പത്രോസ്

47.പത്രോസ് ഭാര്യ ബെൻസി

48.ഡിക്രൂസ് മകൾ ഫെൽസി

49.ദാസ് മൊറൈസ്  മകൻ റെന്നി ഡി മോറായ്സ്

മകൾ അനീഷ്  റെയിൻ, റെനിത

50.ശ്രീനിവാസൻ മകൾ തങ്കമണി വിജയൻ മകൾ മകൻ ബിജു

51.സിൽവടിച്ച മകൻ സേവിയർ ഫ്രാൻസിസ് മകൾ ജാനമ്മ

52.സേവ്യർ മകൻ ടെറിക്

53.ജോസഫ് മകൾ ഫിലോമിന

54.ബെർനാസ് മകൻ ടൈറ്റസ് ഭാര്യ ചന്ദ്രൻ മകൻ ഷീജ

55.ആൻറണി മകൻ സിൽവ

56.ആബേൽ മകൻ ജോസ് ഭാര്യ അജിത

57.ആബേൽ മകൻ ജോസ് ഭാര്യ അജിത

57. ബാലണ്ടൻ ഭാര്യ മചിറയിൻകീഴ്

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ യോഗം

# വാർഡ് 7 വലിയപള്ളി

അജണ്ട

1. ഈശ്വരപ്രാർത്ഥന
2. അധ്യക്ഷ തെരഞ്ഞെടുപ്പ്
3. സ്വാഗതം
4. റിപ്പോർട്ട് അവതരണം
5. ചർച്ച
6. കൃതജ്ഞത

29/11/2019 അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് ഓഫീസിൽ വെച്ച് വാർഡ് 7ന്റെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൂടുകയുണ്ടായി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2018 19 വർഷത്തിലെ അവലോകനയോഗം, ഗ്രാമ സഭയിലെ പ്രധാന നിർദ്ദേശങ്ങളും തുടർനടപടികളും ഉൾക്കൊള്ളുന്ന നടപടി കുറിപ്പ്.

തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളിൽ നിന്നും 100 ദിവസം തൊഴിൽ ചെയ്ത തങ്കമണി എന്ന തൊഴിലാളിയെ അദ്ധ്യക്ഷ യായി തെരഞ്ഞെടുത്തു. സ്വാഗതം പറയുന്നതിന് മെമ്പർ എത്തിയിരുന്നു. ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പ്രതിജ്ഞ VRP പ്രണവിക പറഞ്ഞുകൊടുത്തു എല്ലാപേരും പ്രതിജ്ഞ ഏറ്റുപറഞ്ഞു. മെമ്പർ ക്രിസ്റ്റി എല്ലാവർക്കും സ്വാഗതം പറഞ്ഞു. VRP സുജി തൊഴിലാളികൾക്ക് പത്ത് അവകാശം റഞ്ഞുകൊടുത്തു. VRP രോഹിണി റിപ്പോർട്ട് അവതരിപ്പിച്ചു

ചർച്ച

- സർക്കാർ പറയുന്ന നിർദേശങ്ങൾ അനുസരിച്ചാൽ മാത്രമേ അർഹതപ്പെട്ട കൂലി ലഭിക്കുകയുള്ളു എന്നും മെറ്റീരിയൽ വർക്കുകൾ കൂടി ചെയ്യണമെന്നും ക്രിസ്റ്റി മാഡം നിർദേശിച്ചു. പ്രായംകൂടിയ തൊഴിലാളികൾക്ക് ജോലി ഭാരം കൂടുതൽ എന്ന് പറഞ്ഞപ്പോൾ

AE  മറുപടി യായി പറഞ്ഞത് മെഷർമെൻറ് നോക്കിയാണ് കൂലി നൽകുന്നത് പ്രായമായവർ എന്നോ ചെറുപ്പക്കാർ എന്നോ നോക്കിയല്ല  ജോലിചെയ്യിപ്പിക്കുന്നതു. തൊഴിലാളി ഇൻഷുറൻസ് പരിരക്ഷ ഉണ്ടോ എന്ന സംശയം ഉണ്ടായിരുന്നു അതിനു AE നൽകിയ മറുപടി തൊഴിലിടത്തു വെച്ച് അപകടം ഉണ്ടായാൽ govt.ആശുപത്രിയിൽ അഡ്മിറ്റ് ആക്കുകയും ചെയ്താൽ അതിനുള്ള നഷ്ടപരിഹാരം കിട്ടും എന്നാണ്. ചർച്ചയിൽ ഒരു തൊഴിലാളി VRP മാരോടു ജോലി  ചെയിതു 2 മാസത്തിനകം സൈറ്റ് കാണാൻ വരണമെന്നും എങ്കിൽ മാത്രമേ അവർ ചെയ്ത വർക്ക് കാണാൻ സാധിക്കു എന്നു പറഞ്ഞു. SC,  ST, വിധവ, BPL എന്നിവർക്ക് 3, 4 സെന്റുകൾ ആണ് ഉള്ളത് അതിൽ ബണ്ടുകൾ എടുക്കാനോ മഴക്കുഴി എടുക്കാനോ സാധിക്കില്ല. എസ്റ്റിമേറ്റിൽ കൊടുത്തിരിക്കുന്ന ജോലി ചെയ്യിപ്പിക്കാനേ കഴിയു എന്ന് AE പറഞ്ഞു.  എന്നാൽ പുരയിട ഉടമകൾ എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന ജോലി ചെയ്യാൻ സമ്മതിക്കുന്നില്ല എന്നും തൊഴിലാളികൾ പറഞ്ഞു. APL കാർഡ് ജോലിക്കായി എടുക്കണമെന്നും ഇനി APL കാർഡ് എന്ന് എടുക്കുമെന്നും ചോദിച്ചു.ഞങ്ങൾ റിപ്പോർട്ടിൽ അത് പറയാമെന്നും ഉറപ്പു നൽകി. തൊഴിലാളികൾ ഗ്രാമസഭ റിപ്പോർട്ട്  കൈയ്യടിച്ചു പാസാക്കി.ശേഷം AE  ഗ്രാമസഭയിൽ പങ്കെടുത്ത എല്ലാവർക്കും കൃതജ്ഞത രേഖപ്പെടുത്തി. ദേശീയഗാനത്തോടെ യോഗം അവസാനിപ്പിച്ചു.

VRP  സുജി

VRP  രോഹിണി

VRP  പ്രണവിക

VRP  പ്രിയങ്ക